# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5700

05.07.2013 ൽ മറുപടിയ്ക്ക്

## കോഴ്സ് അനുസരിച്ചല്ലാതെയുള്ള കാമ്പസ് സെലക്ഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് | ശ്രീ. പി.കെ. അബ്ദുറബ്ബ് (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ കാമ്പസ് സെലക്ഷൻ വഴി റിക്രൂട്ട്മെന്റ് നടക്കുന്നുണ്ടോ ; | എ) കണ്ണൂർ ഗവ.എഞ്ചിനീയറിംഗ് കോളേജിൽ വർഷങ്ങളായി കാമ്പസ് സെലക്ഷൻ നടത്താറുണ്ട്. |
| ബി) എങ്കിൽ കോഴ്സ് അനുസരിച്ചുള്ള കാമ്പസ് സെലക്ഷൻ ആണോ നടക്കുന്നത് ; | ബി) ബി.ടെക്ക് അടിസ്ഥാനമാക്കിയുള്ള കാമ്പസ് സെലക്ഷനാണ് പ്രസ്തുത കോളേജിൽ നടത്താറുള്ളത്. |
| സി) സർക്കാർ ധനസഹായത്തോടെ പഠനം പൂർത്തിയാക്കുന്ന സമർത്ഥരായ കുട്ടികളെ കോഴ്സ് അനുസരിച്ചല്ലാതെ കാമ്പസ് സെലക്ഷൻ വഴി ജോലിക്ക് എടുക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരായിട്ടുള്ള എന്ത് നടപടിയാണ് എടുത്തിട്ടുള്ളതെന്നറിയിക്കുമോ? | സി) ബി.ടെക്ക് അടിസ്ഥാനയോഗ്യതയായുള്ള ജോലികൾക്കുള്ള കാമ്പസ് സെലക്ഷൻ മാത്രം നടത്തുന്നതിനാൽ ഇത് സംബന്ധിച്ച് യാതൊരു പരാതിയും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ